**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3524 18.02.2013 - ൽ മറുപടിയ്ക്ക്

**വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

ചോദ്യം

ശ്രീ. ജി. സുധാകരൻ

ഉത്തരം

**ഡോ. എം.കെ. മുനീർ**

( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | പരിഗണനയിലില്ല |
| (ബി) | വയോജനങ്ങൾക്ക് ജീവൻ രക്ഷാ മരുന്നുകൾ സൗജന്യമായി നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പുതിയ വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്. |
| (സി) | വയോജനങ്ങൾക്ക് സർവ്വീസ് ബസ്സുകളിൽ യാത്രചെയ്യുന്നതിന് ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലില്ല. |
| (ഡി) | സർവ്വീസ് പെൻഷനോ മറ്റ് ക്ഷേമപെൻഷനുകളോ ലഭിക്കാത്ത എല്ലാ വയോജനങ്ങൾക്കും വരുമാനപരിധിയും എ.പി.എൽ, ബി.പി.എൽ, വ്യത്യാസമില്ലാതെ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം എത്ര രൂപയാണ്; ഇതിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്ര വീതമാണെന്ന് വിശദമാക്കുമോ; | (ഇ) | 80 വയസിന് മുകളിൽ പ്രായമുള്ളവർക്ക് 900 രൂപയും, (ഇതിൽ കേന്ദ്ര വിഹിതം 500/- രൂപയും സംസ്ഥാന വിഹിതം 400/- രൂപയും) മറ്റുള്ളവർക്ക് പ്രതിമാസം 400/- രൂപ (ഇതിൽ കേന്ദ്രവിഹിതം 200/- രൂപയും സംസ്ഥാന വിഹിതം 200/- രൂപയും) നിരക്കിലും വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നു. |
| (എഫ്) | വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എഫ്) | 80 വയസ്സിനു മുകളിലുള്ളവർക്കുള്ള പെൻഷൻ 900/- രൂപയായി 01.04.2012 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ജി) | കേന്ദ്ര സർക്കാരിന്റെ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ജി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. |

R. Ujjwal

സെക്ഷൻ ഓഫീസർ